# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1280**

**30.01.2018-ന് മറുപടിയ്ക്ക്**

## സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

**ചോദ്യം**
ശ്രീ.കെ. ആൻസലൻ

**മറുപടി**
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവ. ഹയർസെക്കൻഡറി സ്കൂൾ, ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. ഹൈസ്കൂൾ കുളത്തൂർ എന്നിവയെ അന്താരാഷ്ട്ര നിലവാരം ഉള്ളതും മികവിന്റെ കേന്ദ്രവുമാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. വി&എച്ച്.എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിൽ പെരുമ്പഴുതൂർ ഗവ. ഹൈസ്കൂളിനും ഭരണാനുമതികൾ നൽകിയിട്ടുണ്ട്. ഗവ. വി&എച്ച്.എസ്.എസ്. കുളത്തൂരിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ടെണ്ടർ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നെയ്യാറ്റിൻകര ഗവ.ഹയർ സെക്കൻഡറി സ്കൂൾ, ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. ഹൈസ്കൂൾ കുളത്തൂർ എന്നിവയുടെ പുതിയ

(സി) പദ്ധതി നിർവ്വഹണം 2019-ൽ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ, പെരുമ്പഴുതൂർ ഗവ.ഹൈസ്കൂൾ എന്നീ സ്കൂളുകൾക്കായി

| | | | |
|---|---|---|---|
| | ഡി.പി.ആർ. അനുസരിച്ച് പ്രവൃത്തികൾ ഏതു വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയും; എത്ര കോടിയാണ് സർക്കാർ ഫണ്ടിൽ നിന്നും ചെലവാക്കുന്നത്; | | കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായമായി ആകെ 8 കോടി രൂപ (5+3 കോടി)യ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. വി&എച്ച്.എസ്.എസ്. കുളത്തൂരിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ്റൂം, മികവിന്റെ കേന്ദ്രം തുടങ്ങിയ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.37 കോടി (ആറുകോടി മുപ്പത്തേഴ് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ